പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1173 | 05/03/2018-ൽ മറുപടിക്ക്

## ഫിഷർമെൻ കമ്മ്യൂണിറ്റിയുടെ സംവരണാനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഫിഷർമെൻ കമ്മ്യൂണിറ്റിയിൽ ഏതെല്ലാം വിഭാഗങ്ങൾ ഉൾപ്പെടുമെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | 1980-ലെ ദ കേരള ഫിഷർമെൻ വെൽഫയർ സൊസൈറ്റീസ് ആക്ട് പ്രകാരം താഴെപ്പറയുന്നവരെ മത്സ്യത്തൊഴിലാളിയായി നിർവചിച്ചിട്ടുണ്ട്;<br>1) മത്സ്യബന്ധനം പ്രധാന ജീവിതോപാധിയായി സ്വീകരിച്ച യാതൊരാളും.<br>2) മത്സ്യ വിപണനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളിയുടെ ഭാര്യ.<br>3) മത്സ്യത്തൊഴിലാളിയുടെ വിധവ.<br>ഫിഷറീസ് വകുപ്പിലേക്ക് നടത്തുന്ന നിയമനങ്ങളിൽ നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് സംവരണാനുകൂല്യമില്ല. എന്നാൽ മത്സ്യഫെഡിലെ നിയമനങ്ങളിൽ മത്സ്യത്തൊഴിലാളി ആശ്രിതർക്ക് സംവരണമുണ്ട്. |
| (ബി) | ഇതിൽ ഉൾപ്പെടുന്ന വിഭാഗങ്ങളുടെ വ്യക്തമായ വിവരം ലഭ്യമാക്കാമോ; ഇവർക്ക് ഏതെല്ലാം ജോലികളിലാണ് സംവരണം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | നിലവിൽ പി.എസ്.സി. നിയമനങ്ങൾക്ക് സംവരണം ലഭിക്കുന്ന ഫിഷർമെൻ വിഭാഗങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (സി) | പി.എസ്.സി. വഴി നടത്തുന്ന നിയമനങ്ങളിൽ നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് സംവരണാനുകൂല്യമില്ല. |
| (ഡി) | മത്സ്യഫെഡിലെ നിയമനങ്ങളിൽ 10% ഫിഷർമെൻ വിഭാഗക്കാരുടെ ആശ്രിതർക്ക് ലഭിച്ചില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; പുതിയ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനു ശേഷം മത്സ്യഫെഡിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്; വ്യക്തമാക്കാമോ; | (ഡി) യും (ഇ) യും | പുതിയ സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ നിയമനം നടന്നിട്ടില്ല. |
| (ഇ) | ഇതിൽ സംവരണം പാലിച്ചില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | | |
| (എഫ്) | മത്സ്യഫെഡിലെ നിയമനങ്ങൾ സംബന്ധിച്ച് പി.എസ്.സി.യിൽ നിന്നും ഏതെങ്കിലും കത്തുകൾ ലഭിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ; ഈ വിഷയത്തിൽ മത്സ്യഫെഡ് സർക്കാരിനും പി.എസ്.സി.യ്ക്കും അയച്ച കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ; വ്യക്തമാക്കാമോ ? | (എഫ്) | ഉണ്ട്. കെ.പി. എസ്.സി. സർക്കാരിന് അയച്ച കത്തിന്റെ പകർപ്പ് അനുബന്ധം-I ആയും മത്സ്യഫെഡ് സർക്കാരിന് അയച്ച കത്തിന്റെ പകർപ്പ് അനുബന്ധം-II ആയും ചേർക്കുന്നു. മത്സ്യഫെഡ് കെ.പി.എസ്.സി.-ക്ക് നേരിട്ട് കത്തയച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

ഭരണഭാഷ-മാതൃഭാഷ

വെബ്സൈറ്റ്: www.keralapsc.gov.in
ഇമെയിൽ: kpsc.psc@kerala.gov.in
Phone:0471-2546234

## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

തിരുവനന്തപുരം.
തീയതി: 17.10.2017

നമ്പർ: AIII(1)30606/98/CW

പ്രേഷിതൻ

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം.

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി
മത്സ്യബന്ധന-തുറമുഖ വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം.

സർ,

വിഷയം :- കെ.പി.എസ്.സി- അഡ്വൈസ് റൂൾസ് - മത്സ്യഫെഡിലെ റിക്രൂട്ട്മെന്റ് റൂളിലെ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച്.

സൂചന :- 17.02.2016-ലെ G.O(P)No. 5/16/F & PD നമ്പർ ഉത്തരവ്.

സൂചന പ്രകാരമുള്ള മത്സ്യഫെഡിന്റെ നിയമനചട്ടത്തിൽ നേരിട്ടുള്ള നിയമനത്തിന്റെ ഒഴിവുകൾ 1:5:4 എന്ന അനുപാതത്തിൽ താഴെ പറയുന്ന വിഭാഗങ്ങൾക്കാണ് വിജ്ഞാപനം ചെയ്യേണ്ടത്.

1. Direct Recruitment through PSC from the dependents of the fishermen communities (10% of the vacancies).
2. Open category candidates (50 % of the vacancies)
3. Society quota with conditions stipulated there to (40 % of the vacancies).

എന്നാൽ പ്രസ്തുത റൂളിൽ Para VI-Reservation of appointments-ൽ ചുവടെ പറയുന്ന [illegible]

Para VI 1) 'Dependents of fishermen communities' എന്നതിന്റെ വിവരണം കൂടി ലഭ്യമായാൽ മാത്രമേ ഇത് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഏത് അതോറിറ്റി നൽകേണ്ടതാണ് എന്നത് സംബന്ധിച്ച കുറിപ്പ് വിജ്ഞാപനത്തിൽ ചേർക്കുവാൻ സാധിക്കുകയുള്ളൂ.

Para VI (3) '40 % of the vacancies shall be reserved to society quota with conditions stipulated there to' എന്ന് നിഷ്കർഷിക്കുന്നെങ്കിലും അതിനു വേണ്ടുന്ന യോഗ്യതകൾ (Conditions) വ്യക്തമാക്കിയിട്ടില്ല.

Para VI (5) 'In the absence of candidates under item No (3) shall be filled by Direct Recruitment' എന്ന് വിവരിക്കുന്നത് Direct Recruitment from open category-യെ ആണോ എന്നത് വ്യക്തമല്ല.

ഒഴിവുകൾ 1:5:4 എന്ന അനുപാതത്തിൽ വിന്യസിക്കുമ്പോൾ ആദ്യ ഒഴിവ് Fishermen Communities-ന്റെ dependents-ന് ഉള്ളതാണോ എന്നും വ്യക്തമാക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ ഒരു ഒഴിവ് മാത്രം അറിയിച്ചിട്ടുള്ള തസ്തികകളുടെ കാര്യത്തിൽ എപ്രകാരം നിയമനം നടത്തേണ്ടതുണ്ട് എന്ന് വ്യക്തമാകുകയുള്ളൂ.

മേൽ വിവരിച്ച വിഷയങ്ങളിൽ വ്യക്തത വരുത്തിയാൽ മാത്രമേ മത്സ്യഫെഡിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട വിവിധ തസ്തികകളിലെ 130-ഓളം ഒഴിവുകളിൽ വിജ്ഞാപനം ചെയ്യാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഈ വിഷയത്തിൽ സർക്കാരിന്റെ ഭാഗത്തു നിന്നും അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,
26/10/17
ചന്ദന വി ആർ
അണ്ടർ സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സെക്രട്ടറിക്കുവേണ്ടി

O/C

പകർപ്പ് :-
മാനേജിംഗ് ഡയറക്ടർ
മത്സ്യഫെഡ്,
കമലേശ്വരം, മണക്കാട് പി.ഒ
തിരുവനന്തപുരം - 695 009.

*SIVA III/ LTR MAL/ 17.10.2017*

സെക്ഷൻ ഓഫീസർ

അനുബന്ധം - II

123

**KERALA STATE CO-OPERATIVE FEDERATION FOR FISHERIES DEVELOPMENT LTD.**
(A Government of Kerala Undertaking)
Kamaleswaram, Manacaud P.O., Thiruvananthapuram - 695 009, KERALA
Phone:0471-2457172, 2457756, 2458606 Fax:0471-2457752
e-mail:matsyafed@asianetindia.com Web:www.matsyafed.org
MATSYAFED

നം.മത്സ്യഫെഡ്/ഇ1/5359/07

23/01/2018

സെക്രട്ടറി,
മത്സ്യബന്ധന തുറമുഖ വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:- മത്സ്യഫെഡ്- ജീവനക്കാര്യം - മത്സ്യഫെഡ്- സ്പെഷ്യൽ റൂളിലെ അപാകത പരിഹരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 17/10/2017-ലെ A III (1)30606/98/CW നം. കത്ത്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും സർക്കാരിലേയ്ക്ക് അയച്ചിട്ടുള്ള കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഇക്കാര്യത്തിൽ മത്സ്യഫെഡിന്റെ അഭിപ്രായം താഴെക്കൊടുക്കുന്നു.

Para VI (1) Dependents of Fisheries Community എന്നത് സംബന്ധിച്ച് Kerala Fisheries Welfare Societies Act-1980 ഇപ്രകാരം സൂചിപ്പിച്ചിട്ടുണ്ട്.

Fishermen means any person engaged mainly in fishing operation for his livelihood, the wives of fishermen engaged in fish vending and the widows of fishermen. Dependants means wife, Husband, Son, Daughters, Parents and children of deceased sons or daughters wholly dependent on members. ഇത് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് KFWFB -ലെ ഫിഷറീസ് ഓഫീസറിൽ നിന്നും ലഭ്യമാകുന്നതാണ്.

Para VI (3) 40% of the vacancies shall be reserved to society quota with condition stipulated there to എന്നതിൽ Condition എന്നത് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലെ അംഗീകൃത തസ്തികകളിൽ ജോലി നോക്കി വരുന്നരും സ്പെഷ്യൽ റൂൾസിൽ അതാത് തസ്തികൾക്ക് നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയുള്ളതുമായ "ജീവനക്കാർ എന്നതാണ്.

DESPATCHED
/01/2018

Para VI (5) In the absence of candidates under item No.3 shall be filed by Direct recruitment എന്ന് വിവരിക്കുന്നത് direct recruitment from open category ആണ് എന്നത് സംബന്ധിച്ച് ഒരു സ്പഷ്ടീകരണം നൽകാവുന്നതാണ് അതായത് item No.2

ഒഴിവുകൾ 1:5:4 എന്ന അനുപാതത്തിൽ ഫിഷർമെൻ കമ്മ്യൂണിറ്റി, ഓപ്പൺ കാറ്റഗറി, സൊസൈറ്റി ക്വാട്ട എന്നിവർക്കിടയിൽ വിന്യസിക്കുമ്പോൾ ആദ്യ ഒഴിവ് Fishermen Communities -ന്റെ ആശ്രിതർക്ക് ഉള്ളതാണ് എന്നത് സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് വ്യക്തത വരുത്തേണ്ടതുണ്ട്.

കേരള ഫിഷറീസ് വെൽഫയർ ആക്ട് 1980-ന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

മാനേജിംഗ് ഡയറക്ടർ

സെക്ഷൻ ഓഫീസർ